# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2011 ജൂൺ 30, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 11(*91) മൊബൈൽ ഫോൺ ദുരുപയോഗവും ലഹരിവസ്തുക്കളുടെ ഉപയോഗവും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, 24-06-2005-ലെ സർക്കാർ ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂളുകളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം പൂർണ്ണമായും നിരോധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്കൂൾ-ജില്ലാ തലങ്ങളിൽ എത്തിക്സ് കമ്മിറ്റികളും സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം തടയുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ ചെയർമാനും പി.റ്റി.എ. പ്രസിഡന്റ് വൈസ് ചെയർമാനുമായി സ്കൂൾ തലത്തിലും ജില്ലാ കളക്ടർ കൺവീനറും പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഡിസ്ട്രിക്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗങ്ങളായി ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുള്ള എത്തിക്സ് കമ്മിറ്റികൾക്ക് ഉത്തരവിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമെതിരെ ശിക്ഷണ നടപടികൾ സ്വീക

രിക്കാൻ വിപുലമായ അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അടങ്ങിയ റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി ജോയിന്റ് കൺവീനറുമായി രൂപീകരിച്ച സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരു സീനിയർ അദ്ധ്യാപകന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള സർപ്രൈസ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ അതാത് സ്ഥാപനങ്ങളിൽ കർശന പരിശോധന നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾക്ക് ഐ.റ്റി. (അമന്റ്മെന്റ്) ആക്ട് 2008 പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് അശ്ലീല ചിത്രങ്ങൾ പകർത്തി ഇന്റർനെറ്റ് വഴിയും മൊബൈൽ ഫോൺ വഴിയും പ്രചരിപ്പിക്കുന്നതും വ്യക്തിഹത്യ നടത്തുന്ന ദൃശ്യങ്ങളും മെസേജുകളും പ്രചരിപ്പിക്കുന്നതും കുറ്റകൃത്യമായതിനാൽ അപ്രകാരം ലഭിക്കുന്ന പരാതികളിന്മേലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മൊബൈൽ ഫോണുകളുടെ ദുരുപയോഗവും അമിതോപയോഗവും മൂലമുണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക രക്ഷാകർത്തൃസംഘടനകളും നിയമപാലകരും സംയുക്തമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ പത്ര -ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും വേണ്ടത്ര പ്രചാരണം നടത്തിവരുന്നു. മയക്കുമരുന്നിനെതിരെയുള്ള സന്ദേശങ്ങൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ മൊബൈൽ ഫോണും മറ്റു ഐ.റ്റി സങ്കേതങ്ങളും ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച കാര്യങ്ങൾ കൂടി പാഠപുസ്ത

കങ്ങളിൽ ചേർക്കാൻ SCERT-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ പരിസരത്ത് സ്ഥിതി ചെയ്യുന്ന കടകളിൽ പുകയില ഉൽപന്നങ്ങൾ വിൽക്കുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും നിരോധനം ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും സ്കൂളിന്റെ 100 മീറ്റർ ചുറ്റളവിൽ ലഹരി പദാർത്ഥങ്ങൾ വില്പന നടത്തില്ലെന്ന് ഉറപ്പ് വരുത്താൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രധാന അദ്ധ്യാപകർക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ പരിസരത്ത് ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നതിനെതിരെ സ്കൂളധികൃതരും പോലീസ് വകുപ്പും ഏകീകൃതമായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ കുട്ടികൾക്ക് മദ്യവും മയക്കു മരുന്നും എത്തിക്കുന്ന ഏജന്റുമാരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു. വിദ്യാലയങ്ങളുടെ 400 മീറ്റർ ചുറ്റളവിൽ ലഹരി വസ്തുക്കളുടെ വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഇവയുടെ ഉറവിടവും ഉപയോഗവും കണ്ടെത്തുന്നതിനായി എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും കത്തെഴുതാൻ തീരുമാനിച്ചിരിക്കുകയാണെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

**12 (*92) <u>റീസർവ്വേ നടപടികളുടെ പുരോഗതി</u>**

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ 1604 റീസർവ്വേ വില്ലേജുകളിൽ (1634 റവന്യൂ

വില്ലേജുകൾ), 766 വില്ലേജുകളും 27 ബ്ലോക്കുകളും റീസർവ്വേ ജോലി പൂർത്തിയാക്കി റിക്കാർഡുകൾ റവന്യു ഭരണത്തിന് കൈമാറിയിട്ടുണ്ടെന്നും 302 വില്ലേജുകളുടെ റീസർവ്വേ ജോലികൾ പുരോഗമിക്കുകയാണെന്നും സഭയെ അറിയിച്ചു. റവന്യു റിക്കാർഡുകളും കൈവശ രേഖകളും ഒത്തു നോക്കാതെ റീസർവ്വേ റിക്കാർഡുകൾ തയ്യാറാക്കുന്നതുമൂലം വസ്തു ഉടമ കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഓരോ സർവ്വേ നമ്പരിലും പ്രത്യേക രേഖകൾ തയ്യാറാക്കാൻ നിർദ്ദേശം നൽകുന്നതാണ്. താലൂക്ക് തല ത്തിൽ അഡീഷണൽ തഹസീൽദാരുടെ നേതൃത്വത്തിൽ റവന്യൂ-സർവ്വേ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി റീസർവ്വേ സംബന്ധിച്ച് ലഭിക്കുന്ന പരാതിക ളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽ കമ്പ്യൂട്ടർവൽക്കരണം പുരോഗമി ച്ചുവരുന്നു. റീസർവ്വേയുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന പരാതിക ളിന്മേൽ ജില്ലാതല അദാലത്തുകൾ നടത്തി പരിഹാര നടപടികൾ സ്വീകരി ക്കുന്നതാണ്. ഡബ്ല്യു.ജി.എസ്. 84 എന്ന അത്യന്താധുനിക സംവിധാനം ഉപയോഗിച്ച് റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയുമോയെന്ന് സർക്കാർ പരിശോധിക്കുന്നതാണ്. അപാകതകൾ പരിഹരിച്ച് ഭൂമികേരളം പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇടുക്കി ജില്ല യിൽ റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജനപ്രതിനിധി കളുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണെന്നും പട്ടയം കിട്ടാതെ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് ഒരു വർഷത്തിനുള്ളിൽ പട്ടയം നൽകാൻ തീരുമാനിച്ചിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

13(*93) <u>ദേശീയപാത 47, 17 എന്നിവയുടെ വികസനം</u>

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, എൻ.എച്ച്.17-ഉം എൻ.എച്ച് 47-ഉം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ വഴി എൻ.എച്ച്.എ.ഐ.-യെ ഏൽപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 17-08-2010-ൽ മുൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കായി സംസ്ഥാന സർക്കാർ ഒരു പുനരധിവാസ പാക്കേജ് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഏറ്റെടുക്കപ്പെടുന്ന ഭൂമിക്ക് പ്രഖ്യാപിച്ച കമ്പോളവില നൽകുക, വീടും വാണിജ്യ സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ തൊട്ട് പിന്നിലെ വസ്തുവിൽ വീടും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്നരഹിതമായി സ്ഥലമേറ്റെടുപ്പ് പ്രക്രിയ നടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോംപ്ലക്സ്/വീട് എന്നിവ നിർമ്മിച്ച് നൽകുക, സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പു വർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവും ചേർത്ത് കെട്ടിടവില നിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില നൽകുകയും ചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോള വിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക, സ്ഥലമെടുപ്പ് കാരണം തൊഴിൽരഹിതരാകുന്നവർക്ക് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റ് പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കു

ന്നവർക്കും ചെറിയ കച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസത്തിനായി ഒരു ലക്ഷം രൂപയും നൽകുക, തൊഴിൽ നഷ്ടപ്പെടുന്നവർക്ക് ആറ് മാസത്തേയ്ക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനം നൽകുക, പൊളിച്ചു മാറ്റേണ്ടി വരുന്ന ആരാധനാലയങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങിയ നിർദ്ദേശങ്ങളാണ് പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുനരധി വാസ പാക്കേജിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനെക്കുറിച്ച് കേന്ദ്ര സർക്കാരുമായി വിശദമായ ചർച്ചകൾ നടത്തേണ്ടതുണ്ട്. 1956-ലെ ദേശീയ പാത ആക്റ്റിലെ സെക്ഷൻ 3 ജി പ്രകാരം പറയുന്ന നഷ്ടപരിഹാരം ഭൂഉടമ കൾക്ക് നൽകുന്നതാണെന്നും എന്നാൽ ദേശീയപാത റൂൾ/ആക്റ്റ് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അധികാരി സംസ്ഥാനത്തെ ഒരു ഉദ്യോഗസ്ഥൻ ആയിരിക്കുമെന്നതിനാൽ, സംസ്ഥാന സർക്കാർ അനുവർത്തി ച്ചുവരുന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ തന്നെയായിരിക്കണം നഷ്ട പരിഹാരത്തുക കണക്കാക്കേണ്ടത് എന്നുമാണ് കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി അറിയിച്ചിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

**14(*94) <u>അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ മുൻനിർത്തി കർമ്മപദ്ധതി</u>**

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) നൽകിയ മറുപടിയിൽ, ഇടുക്കി ജില്ലയിലെ വാഗമൺ, കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് എന്നീ സ്ഥലങ്ങൾ അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പല മേഖല

കളിലും അഡ്വഞ്ചർ ടൂറിസം പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അഡ്വഞ്ചർ ടൂറിസം വ്യാപിപ്പിക്കുന്നതിനായി 10-02-2011-ൽ അനുമതി നൽകിയ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതുവഴി കൂടുതൽ വിദേശ വിനോദ സഞ്ചാരി കളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയും. ഇതിനായി ഹാംഗ് ഗ്ലൈഡറുകൾ, പാരാ ഗ്ലൈഡറുകൾ, പാരച്യൂട്ട്, പാര ഗ്ലൈഡിംഗ് ഹെൽമെറ്റ്, വിഞ്ച് ഫോർ പാരാ ഗ്ലൈഡിംഗ് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി 62,88,270 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ നാഷണൽ അഡ്വഞ്ചർ ഫൗണ്ടേഷന്റെ കേരളാ ചാപ്റ്ററിന് പാട്ടത്തിന് നൽകിയിരിക്കുക യാണ്. സ്കൂളുകളിൽ നിലവിലുള്ള ടൂറിസം ക്ലബ്ബുകളുടെ ആക്ടിവിറ്റീസിൽ അഡ്വഞ്ചർ ടൂറിസംകൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാ ണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 707 മുതൽ 975 വരെയുള്ള ചോദ്യങ്ങളിൽ 149 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)